(ബി) ഒമ്പതാം പദ്ധതിക്കാലത്ത് കെ.എൽ.ഡി. ബോർഡിന് സർക്കാർ നൽകിയ സഹായം താഴെ പറയും വിധമാണ്:

1997-1998	..	250 ലക്ഷം രൂപ
1998-1999	..	400 ,,
1999-2000	..	400 ,,
2000-2001	..	200 ,,
2001-2002	..	206.5 ,,
ആകെ		1456.5 ,,

10-ാം പദ്ധതിയിൽ 2002-03 വർഷത്തിൽ 65 ലക്ഷം രൂപയും 2003-04-ൽ 60 ലക്ഷം രൂപയുമാണ് അനുവദിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുവാൻ ബാദ്ധ്യതപ്പെട്ടതാകയാൽ തുടർന്ന് പദ്ധതി സഹായം നൽകേണ്ടതില്ലായെന്ന പൊതുവായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്, ഒരു പൊതുമേഖലാ സ്ഥാപനമായ കേരള കന്നുകാലി വികസന ബോർഡിനുള്ള പദ്ധതി സഹായം കുറച്ചത്.

(സി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

വനസംരക്ഷണ വിഭാഗത്തിന്റെ ആധുനികവൽക്കരണം

*16 [899] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വനസമ്പത്ത് സംരക്ഷിക്കുന്നതിന് വനസംരക്ഷണ വിഭാഗം ആധുനികവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വനസംരക്ഷണത്തിന് ജനപങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വനംവകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി, ആധുനിക വാർത്താവിനിമയ സംവിധാനങ്ങളായ മൊബൈൽ ഫോൺ, വയർലസ്, വാഹനങ്ങൾ, സാങ്കേതിക വിദ്യ ഇവ ലഭ്യമാക്കുന്നുണ്ട്. കമ്പ്യൂട്ടറധിഷ്ഠിതമായ വന ഭരണ വിവര സമ്പ്രദായം നടപ്പിലാക്കി വരുന്നു. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വനംവകുപ്പിലെ പ്രവർത്തനങ്ങളിൽ ഭരണ സമ്പ്രദായവും ഭൂവിവര സമ്പ്രദായവും നടപ്പിലാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതിയിൽ റെയിഞ്ച് അടിസ്ഥാനത്തിൽവരെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിസ്ഥാന കമ്പ്യൂട്ടർ

LIBRARY ARCHIVES Kerala Legislative Assembly

പരിശീലനത്തിന് രാജീവ്ഗാന്ധി നഗറിൽ ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം തുടങ്ങുകയും ജി.ഐ.എസ്. നടപ്പിലാക്കുവാൻ ഒരു സാങ്കേതിക വിദഗ്ദ്ധനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ആവിഷ്കരിക്കുന്നതിന് 'റൈറ്റ്സ് ന്യൂഡൽഹി' എന്ന സ്ഥാപനത്തിനെ കൺസൾട്ടൻസിയായി നിയമിച്ചിട്ടുണ്ട്. ഈ വകുപ്പിന്റെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 18.89 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. ഒരു സംയോജിത വനസംരക്ഷണ പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. വനത്തിന്റെ സമഗ്രമായ സംരക്ഷണവും ജൈവ പരിപാലനവുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. വർക്കിംഗ് പ്ലാൻ തയ്യാറാക്കൽ, സർവ്വേ ഡീമാർക്കേഷൻ പൂർത്തിയാക്കി വനാതിർത്തി സംരക്ഷിക്കുക, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, വനങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) വനാതിർത്തിയോടു ചേർന്നുകിടക്കുന്ന വനപ്രദേശത്തിന്റെ പരിപാലനം, ആദിവാസി ഊരുകളെ അടിസ്ഥാനപ്പെടുത്തി അടിയന്തിര വനവിഭവങ്ങളുടെ സ്ഥായിയായ നിലനിൽപ്പ് ഉറപ്പാക്കിക്കൊണ്ടുള്ള ഉൾവനങ്ങളുടെ പരിപാലനം, ഇടുക്കി ജില്ലയിലെ ഹൈറേഞ്ചിലുള്ള ഏലക്കാടുകളിലെ പാരിസ്ഥിതിക ഭദ്രത ഉറപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഏലക്കാട് പങ്കാളിത്ത പരിപാലനം, വനങ്ങളുടെ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം ഇവയാണ് ഇപ്പോൾ വനപങ്കാളിത്ത വനസംരക്ഷണത്തിൽ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.

കയർ മേഖലയിൽ മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റ് പദ്ധതി

*17 [900] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്രവിഹിതം ലഭിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) 1999-2000 വരെ കയർ മേഖലയിൽ നിലവിലുണ്ടായിരുന്ന റിബേറ്റ് പദ്ധതിക്ക് പകരമായി 2000-2001 മുതൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റ്. സഹകരണ മേഖലയിലും, പൊതുമേഖലയിലും മിനിമം കൂലിയും മറ്റ് ആനുകൂല്യങ്ങളും കയർത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തി അതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly